**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.**3039** — **07.11.2019** -ൽ മറുപടിക്ക്

## ആധാരം സ്വയം തയ്യാറാക്കൽ പദ്ധതി.

| **ചോദ്യം**<br>**ശ്രീ.വി.ഡി.സതീശൻ** | **ഉത്തരം**<br>**ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടും ജനങ്ങൾ പ്രസ്തുത സൗകര്യം ഉപയോഗിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പദ്ധതി നടപ്പിലാക്കിയ ശേഷം സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം നൽകുമോ; | (ബി) സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 313 |
| കൊല്ലം | 213 |
| പത്തനംതിട്ട | 161 |
| ആലപ്പുഴ | 151 |
| കോട്ടയം | 47 |
| ഇടുക്കി | 83 |
| എറണാകുളം | 203 |
| തൃശ്ശൂർ | 184 |
| പാലക്കാട് | 85 |
| മലപ്പുറം | 195 |
| കോഴിക്കോട് | 248 |
| വയനാട് | 31 |
| കണ്ണൂർ | 150 |
| കാസർകോട് | 23 |
| ആകെ | 2087 |

| | | | |
|---|---|---|---|
| (സി) | ഈ സൗകര്യം ഏറ്റവും കുറച്ച് പ്രയോജനപ്പെടുത്തിയ ജില്ലകളിൽ ഇതുസംബന്ധിച്ച് വ്യാപക പ്രചരണം നടത്തി കൂടുതൽ പേരെ ഈ സൗകര്യം ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുമോ; അറിയിക്കുമോ? | (സി) | സ്വയം ആധാരം തയ്യാറാക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതിന് കൂടുതൽ പൊതുജനപങ്കാളിത്തം ഉണ്ടാകുന്നതിനായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റിന്റെ വലുപ്പം A3 നിന്നും A4 ആയി കുറയ്ക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ.**